കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ പി.കെ.ഡി8-2247/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്,
തീയതി 30.11.2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ -ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇമെയിൽ മുഖേന)
2. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രസഹിതം)
3. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), പാലക്കാട്.
4. കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ പി.കെ.ഡി8-2247/2017 തിയ്യതി: 30.11.2017.

# പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 വകുപ്പ് - ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 25-08-2017 മുതൽ 01-11-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിന് മാത്രം മറുപടി ലഭിച്ചിട്ടുണ്ട്. മുഴുവൻ അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കൃഷ്ണകുമാർ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02-11-2017 മുതൽ 08-11-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | എൻ.സുമേഷ്-ഓഡിറ്റ് ഓഫീസർ |
| | എസ്.എച്ച്.ഷറഫുദ്ദീൻ-അസി.ഓഡിറ്റ് ഓഫീസർ |
| | കൃഷ്ണദാസ്.എൻ.വി-ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷേളി | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.ഉണ്ണികൃഷ്ണൻ.കെ. | 01-04-2016 മുതൽ 31-03-2017 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.എ.കെ.സരസ്വതി | 01-04-2016 മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീ.സുഭാഷ് | 01-04-2016 മുതൽ 25-05-2016 വരെ |
| | ശ്രീ.സുബ്രഹ്മണ്യൻ.കെ.സി | 26-05-2016 മുതൽ 31-03-2017 വരെ |
| സൂപ്രണ്ട്-സി.എച്ച്.സി കുഴൽമന്ദം | ഡോ.മൈനാവതി.ആർ | 01-04-2016 മുതൽ 31-03-2017 വരെ |
| പ്രോജക്ട് ഓഫീസർ ഐ.സി.ഡി.എസ്-കുഴൽമന്ദം | ശ്രീമതി.എസ്.രാധാലക്ഷ്മി | 01-04-2016 മുതൽ 31-03-2017 വരെ |
| ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ,കുഴൽമന്ദം | ശ്രീ.ടി.ദേവദാസ് | 01-04-2016 മുതൽ 08-08-2016 വരെ |
| | ശ്രീ.കെ.പ്രഭാകരൻ | 09-08-2016 മുതൽ 31-03-2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.അഫ്സ.എം.എസ് | 01-04-2016 മുതൽ 12-05-2016 വരെ |
| | ശ്രീമതി.ജയലക്ഷ്മി | 13-05-2016 മുതൽ 31-10-2016 വരെ |
| | ശ്രീമതി മീന റസ്സൽ | 01-11-2016 മുതൽ 31-03-2017 വരെ |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ശാന്താ.കെ | 01-11-2016 മുതൽ 31-03-2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം.1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |

| | | |
|---|---|---|
| 6 | 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 | | |
| 1 | 2-1 | ഓഡിറ്റോറിയം, ഹാൾ വാടക വരവിനത്തിലെ അപാകതകൾ |
| 2 | 2-2 | ടെൻഡർ ഫോറം രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 3 | 2-3 | പാലിയേറ്റീവ് കെയർ വാഹന വാടക- അപാകതകൾ |
| 4 | 2-4 | ഇ-ടെണ്ടർ - ടെണ്ടർ ഫോം ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കണം |
| ഭാഗം 3 | | |
| 1 | 3-1 | പ്രവൃത്തികളുടെ കരാറുകാരിൽനിന്നും പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല |
| 2 | 3-2 | ഉൽപദനോപാധികളും ഉൽപാദനവും സംഭരണവും വിപണനവും-പദ്ധതി നാളിതുവരെയും ഉപയോഗയോഗ്യമാക്കിയില്ല |
| 3 | 3-3 | കുടുംബശ്രീ യൂണിറ്റുകൾക്ക് സബ്സിഡി- മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ് |
| 4 | 3-4 | അനുപൂരക പോഷകാഹാര പദ്ധതിക്ക് 50% കേന്ദ്ര വിഹിതം റീയിംബേർസ്മെന്റായി ലഭിച്ച തുക നിഷ്ക്രിയമായി അവശേഷിക്കുന്നു |
| 5 | 3-5 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് പദ്ധതി- ബ്ലോക്ക് വിഹിതമായി കൈമാറിയ മുഴുവൻ തുകയ്ക്കും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 6 | 3-6 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കൽ - പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചില്ല |
| 7 | 3-7 | ഡെപ്പോസിറ്റ് വർക്കിന് മുൻകൂർ നൽകുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാർ ചമച്ചില്ല |
| 8 | 3-8 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് |
| 9 | 3-9 | ഐ.എ.വൈ ഭവന പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചില്ല |
| 10 | 3-10 | പി.എം.എ.വൈ പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ് |
| 11 | 3-11 | പാലിയേറ്റീവ് കെയർ സെക്കന്ററി യൂണിറ്റ്- പദ്ധതി നടത്തിപ്പിലെ അപാതകൾ |
| 12 | 3-12 | ഡി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 13 | 3-13 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് |
| ഭാഗം 4 | | |
| 1 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 2 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |

| | | |
|---|---|---|
| 3 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 5 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 6 | 4-6 | ഓഡിറ്റ് റിക്കവറി |
| 7 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 8 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 9 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 3.3.2016 തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രതീക്ഷിത വരവ് (₹) | പ്രതീക്ഷിത ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|
| 580329705 | 580274705 | 55000 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 01-06-2017 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹56019810 |
| വരവ് | ₹86416438 |
| ആകെ | ₹142436248 |
| ചെലവ് | ₹83935889 |
| നീക്കിയിരിപ്പ് | ₹58500359 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ | തൻവർഷ | ആകെ | ചെലവ് | ചെലവഴി | ചെലവ് |
|---|---|---|---|---|---|---|

| | ബാക്കി (₹) | അലോട്ട് മെന്റ് (₹) | (₹) | (₹) | ക്കാത്ത തുക (₹) | ശത മാനം (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 27147813 | 27147813 | 17191999 | 9955814 | 63.32 |
| വികസനഫണ്ട് എസ്.സി.പി. | 0 | 28795356 | 28795356 | 12723458 | 16071898 | 44.18 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 124383 | 124383 | 0 | 124383 | 0.00 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4219746 | 4219746 | 3245555 | 974191 | 76.91 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കി യത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 108 | 85972803 | 54 | 33303012 | 0 | 54 | 50 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കി യത് | ആകെ അടങ്കൽ തുക (₹) | ചെല വഴിച്ച തുക (₹) | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 12 | 34142512 | 16454783 | 48 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 78 | 31 | 40020997 | 8422092 | 21 |
| കൃഷി അസി.ഡയറക്ടർ | 5 | 4 | 5692560 | 4017560 | 71 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 3 | 3 | 2114378 | 2040577 | 97 |

| | | | | | |
|---|---|---|---|---|---|
| സി.ഡി.പി.ഒ | 1 | 1 | 600000 | 600000 | 100 |
| എസ്.സി.ഡി..ഒ | 2 | 2 | 1402356 | 868000 | 62 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1000000 | 900000 | 90 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 1000000 | 0 | 0 |
| ആകെ | 108 | 54 | 85972803 | 33303012 | 39 |

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-08-2017 മുതൽ 18-09-2017 വരെ | 2016-17 | 25-09-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-12-2014 മുതൽ 22-12-2014 വരെ | 2009-10 മുതൽ 2013-14 വരെ | 29-01-2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഓഡിറ്റോറിയം, ഹാൾ വാടക വരവിനത്തിലെ അപാകതകൾ

കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റോറിയം ഹാളിൽ നിന്നുമുള്ള വാടക വരവ് ₹9500 ആണ്. എന്നാൽ വാടക രജിസ്റ്റർ പ്രകാരമുള്ള വരവ് 11000 രൂപയാണ്. വാർഷിക കണക്കിലെ തുകയും, വാടക രജിസ്റ്റർ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/8.11.2017) മറുപടി ലഭ്യമാക്കിയില്ല. അപാകം പരിഹരിക്കേണ്ടതും, വാടക രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 2-2 ടെൻഡർ ഫോറം രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2016-17സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ടെൻഡർ ഫോറം വിൽപ്പനയിൽ ₹57130 വരവുണ്ട്. ആയതിന്റെ ടെൻഡർ ഫോറം രജിസ്റ്റർ ലഭ്യമല്ല. ടെൻഡർ ഫോറം വിൽപ്പനയാവുന്ന മുറയ്ക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ടെൻഡർ ഫോറം രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകളോടെ സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം. നം.8 തിയതി. 8.11.2017)

## 2-3 പാലിയേറ്റിവ് കെയർ വാഹന വാടക- അപാകതകൾ

കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-49-E-9104 എന്ന വാഹനം പാലിയേറ്റിവ് കെയർ ആവശ്യത്തിനായി വിട്ടുകൊടുക്കുന്നതിനാൽ വാഹന വാടക ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് വരുമാനമുണ്ട്. ഇതു സംബന്ധിച്ച് നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1, പാലിയേറ്റിവ് കെയർ വാഹനത്തിന്റെ വാടക ഇനത്തിലുള്ള വരവ് ബ്ലോക്ക് സെക്രട്ടറിയുടെ പേരിലുള്ള കേരളാ ഗ്രാമീൺ ബാങ്ക് എസ്.ബി അക്കൌണ്ടിലാണ് സൂക്ഷിക്കുന്നത് (അക്കൌണ്ട് നമ്പർ 40294101016716). നിലവിൽ വാഹന വാടക, കുഴൽമന്ദം സി.എച്ച്.സി കേരളാ ഗ്രാമീൺ ബാങ്ക് അക്കൌണ്ടിലേക്ക് (നമ്പർ 40294101016716) നേരിട്ട് നിക്ഷേപിച്ചു വരുകയാണ് ചെയ്യുന്നത്. ബാങ്കിൽ നേരിട്ട് നിക്ഷേപിക്കുന്നതിനാൽ വാഹന വാടക ഇനത്തിൽ പണം അടവാക്കുന്നതിന് സി.എച്ച്.സിയ്ക്ക് രശീത് ലഭ്യമാകുന്നില്ല. ആയത് ക്രമപ്രകാരമായ നടപടിയല്ല. തുക ബ്ലോക്ക് പഞ്ചായത്തിൽ നേരിട്ട് അടവാക്കുകയും രസീതി സി.എച്ച്.സി കൈപ്പറ്റേണ്ടതുമാണ്.

2. 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ മറ്റു വാടക എന്ന അക്കൗണ്ട് ഹെഡ്ഡിൽ ₹ 129600 രൂപ വരവുണ്ട്. പ്രസ്തുത ആവശ്യത്തിനായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം 2016-17 വർഷത്തെ വാഹന വാടക വരവ് ₹ 240105 ആണ്. ആയത് വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/8.11.2017) മറുപടി ലഭ്യമായില്ല. ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത

പരിശോധിക്കേണ്ടതും വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെട്ടുപോകുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-4 ഇ-ടെണ്ടർ - ടെണ്ടർ ഫോം ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കണം

2016-17 വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ 55 പ്രൊജക്ടുകൾ ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയത്. ഈ പ്രവൃത്തികളുടെ ടെണ്ടർ ഫോം വിലയായി ബ്ലോക്ക്പഞ്ചായത്തിനു ലഭിക്കേണ്ട ₹153052/- (ഒരു ലക്ഷത്തി അൻപത്തി മൂവായിരത്തി അൻപത്തി രണ്ടു രൂപ) നാളിതുവരെ ലഭ്യമായിട്ടില്ല. എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ (പാലക്കാട് ജില്ലാ പഞ്ചായത്ത്) നിന്നും തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | എസ്റ്റിമേററ് തുക | ടെണ്ടർ ഫോം വില (വാറ്റ് ഉൾപ്പെടാതെ) | വാറ്റ് | ടെണ്ടർ സമർപ്പിച്ച കരാറുകാരുടെ എണ്ണം | ലഭിക്കാനുള്ള തുക |
|---|---|---|---|---|---|---|---|
| 1 | 64/17 | പൂതക്കോട്റോഡ് കോൺക്രീറ്റിംങ് | 500000 | 1000 | 50 | 3 | 3150 |
| 2 | 135/17 | മോനോട് പാടശേഖര സമിതി റോ് നിർമ്മാണം | 500000 | 1000 | 50 | 2 | 2100 |
| 3 | 127/17 | നരിക്കോട്ടുകളം പാർശ്വഭിത്തി നിർമ്മാണം | 500000 | 1000 | 50 | 2 | 2100 |
| 4 | 99/17 | ചെമ്മണാംപറമ്പ് റോഡ് സൈഡ് പ്രൊട്ടക്ഷൻ | 500000 | 1000 | 50 | 2 | 2100 |
| 5 | 114/17 | ആനിക്കാട് അംഗൻവാടി നിർമ്മാണം | 837500 | 1700 | 60 | 2 | 3520 |
| 6 | 128/17 | ബ്ലോക്ക് ഓഫീസിന്റെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളുടേയും അറ്റകുറ്റപ്പണികൾ | 1000000 | 2000 | 100 | 2 | 4200 |
| 7 | 114/17 | ഒതറോഡ് അംഗൻവാടി കെട്ടിട നിർമ്മാണം | 837500 | 1700 | 60 | 5 | 8800 |
| 8 | 50/17 | വിവിധ കോളനികളിൽ കുടിവെള്ള പദ്ധതി പൂർത്തീകരണം | 1000000 | 2000 | 100 | 2 | 4200 |
| 9 | 140/17 | തുവക്കാട് ഒരക്കാട് റോഡ് കോൺക്രീറ്റിംങ് | 500000 | 1000 | 50 | 3 | 3150 |
| 10 | 125/17 | വട്ടപ്പറമ്പ് പാറയ്ക്കൽ എസ്.സി.കോളനി റോഡ് റീടാറിംങ് | 500000 | 1000 | 50 | 2 | 2100 |
| 11 | 90/17 | കുമളംകാട് റോഡ് മെറ്റലിംങ് | 500000 | 1000 | 50 | 2 | 2100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | 46/17 | നെല്ലിക്കൽക്കാട് കുടിവെള്ള പദ്ധതി | 500000 | 1000 | 50 | 3 | 3150 |
| 13 | 129/17 | അരയാൽകുളം കുന്നേക്കാട് റോഡ് പ്രവൃത്തി | 500000 | 1000 | 50 | 2 | 2100 |
| 14 | 51/17 | കുളിമാടം കുടിവെള്ള പദ്ധതി | 500000 | 1000 | 50 | 2 | 2100 |
| 15 | 54/17 | പൊള്ളപ്പാടം മിനി കുടിവെള്ള പദ്ധതി | 500000 | 1000 | 50 | 2 | 2100 |
| 16 | 83/17 | തവരനാട്ടുകുളം വടക്കേ കാളിയംകുന്നം കുടിവെള്ള പദ്ധതി | 500000 | 1000 | 50 | 3 | 3150 |
| 17 | 48/17 | കുമളംകാട് കുടിവെള്ള പദ്ധതി | 500000 | 1000 | 50 | 2 | 2100 |
| 18 | 73/17 | തേക്കിൻകാട് റോഡ് സംരക്ഷണവും കോൺക്രീറ്റിംങും | 500000 | 1000 | 50 | 2 | 2100 |
| 19 | 72/17 | കുണ്ടുപറമ്പ് റോഡ് റീടാറിംങ് | 700000 | 1400 | 70 | 2 | 2940 |
| 20 | 126/17 | ഇടയ്ക്കാട്-ചരപ്പറമ്പ് എസ്,സി കോളനി സമഗ്ര വികസനം | 500000 | 1000 | 50 | 2 | 2100 |
| 21 | 92/17 | പട്ടുകുളം കോളനിറോഡ് കോൺക്രീറ്റിംങ് | 500000 | 1000 | 50 | 4 | 4200 |
| 22 | 133/17 | ചകിരാൻതൊടി കുടിവെള്ള പദ്ധതികൾ | 500000 | 1000 | 50 | 2 | 2100 |
| 23 | 93/17 | കല്ലോട് റോഡ് മെറ്റലിംങ്,ടാറിംങ് | 1000000 | 1000 | 50 | 2 | 2100 |
| 24 | 141/17 | കുഴൽമന്ദം സി.എച്ച്.സിയിലെ അറ്റകുറ്റപ്പണികൾ | 749746 | 1500 | 75 | 3 | 4725 |
| 25 | 53/17 | കോറാങ്കാട് കുടിവെള്ള പദ്ധതി | 500000 | 1000 | 50 | 2 | 2100 |
| 26 | 68/17 | ആറാംകോട് കനാൽബണ്ട് റോഡ് മെറ്റലിംഗ് | 700000 | 1400 | 70 | 2 | 2940 |
| 27 | 124/17 | കൊല്ലംപറമ്പ് റോഡ് കോൺക്രീറ്റിംഗ് | 500000 | 1000 | 50 | 2 | 2100 |
| 28 | 91/17 | ആറാംകോട് കോളനി റോഡ് ടാറിംങ്, കോൺക്രീറ്റിംങ് | 500000 | 1000 | 50 | 2 | 2100 |
| 29 | 89/17 | എയ്യൻകാട് റോഡ് മെറ്റലിംദ് | 500000 | 1000 | 50 | 2 | 2100 |
| 30 | 82/17 | കുത്തുപറമ്പ്-മാത്തൂർ കുടിവെള്ള പ ദ്ധതി | 500000 | 1000 | 50 | 2 | 2100 |
| 31 | 62/17 | എരട്ടോട്-പള്ളിക്കാട് തെക്കുംപുറം റോ് മെറ്റലിംഗ്,ടാറിംഗ് | 500000 | 1000 | 50 | 3 | 3150 |
| 32 | 80/17 | വല്ലടി-വട്ടേക്കാട് കുടിവെള്ള പദ്ധതി | 500000 | 1000 | 50 | 2 | 2100 |
| 33 | 57/17 | പരുക്കുംപള്ളം, വേട്ടവൻപാറ,മടയൻപറമ്പ് കുടിവെള്ള പദ്ധതി | 500000 | 1000 | 50 | 2 | 2100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 34 | 79/17 | പാണ്ടിയോട്,പൂതക്കോട് കുടിവെള്ള പദ്ധതി | 500000 | 1000 | 50 | 2 | 2100 |
| 35 | 31/17 | കുഴൽമന്ദം സി.എച്ച്.സിയിൽ സ്ത്രീ സൌഹൃദ കക്കൂസ് ബ്രെസ്റ്റ് ഫീഡിംങ് സെന്റർ നിർമ്മാണം | 1200000 | 2400 | 96 | 2 | 4992 |
| 36 | 75/17 | ചെങ്ങലംകാട്-സ്കൂൾപ്പടി റോഡ് മെറ്റലിംങ് ,ടാറിംങ് | 500000 | 1000 | 50 | 2 | 2100 |
| 37 | 30/17 | പുളിമ്പ്രാണി റോഡ് മെറ്റലിംങ് | 500000 | 1000 | 50 | 2 | 2100 |
| 38 | 81/17 | ഇരുവിളംകാട് കുടിവെള്ള പദ്ധതി | 500000 | 1000 | 50 | 2 | 2100 |
| 39 | 84/17 | ചുണവുള്ളി ,വേട്ടവൻപാറ,മടയൻപറമ്പ് കുടിവെള്ള പദ്ധതി | 500000 | 1000 | 50 | 2 | 2100 |
| 40 | 78/17 | ചെന്നക്കോട്, മുതിരംപറമ്പ് റോഡ് മെറ്റലിംങ് ,ടാറിംങ് | 500000 | 1000 | 50 | 2 | 2100 |
| 41 | 130/17 | പൂശാരിമേട്-കനാൽബണ്ട് റോഡ് ഫോർമേഷൻ | 500000 | 1000 | 50 | 3 | 3150 |
| 42 | 97/17 | മുതുകാട്,നമ്പ്രത്ത്,കൊളക്കപ്പാടം റോഡ് മെറ്റലിംഗ്,ടാറിംഗ് | 500000 | 1000 | 50 | 2 | 2100 |
| 43 | 118/17 | ആനകുറ്റിപ്പാറ കോളനി സമഗ്ര വികസനം | 500000 | 1000 | 50 | 2 | 2100 |
| 44 | 87/17 | പട്ടിമാർത്തറ,കോരങ്ങോട് റോഡ് കോൺക്രീറ്റിംഗ് | 500000 | 1000 | 50 | 2 | 2100 |
| 45 | 125/17 | വട്ടപ്പറമ്പ്-പാറയ്ക്കൽ എസ്.സി.കോളനി റോഡ് റീടാറിംഗ് | 500000 | 1000 | 50 | 2 | 2100 |
| 46 | 138/17 | പെരുംകുളങ്ങര കുടിവെള്ള പദ്ധതി | 500000 | 1000 | 50 | 2 | 2100 |
| 47 | 56/17 | മുഞ്ഞക്കോട്-കൊളക്കപ്പാടം കുടിവെള്ള പദ്ധതി | 600000 | 1200 | 60 | 2 | 2520 |
| 48 | 144/17 | ഒടകുളങ്ങര റോഡ് ഫോർമേഷൻ, സൈഡ് കെട്ടൽ | 514448 | 1100 | 50 | 4 | 4600 |
| 49 | 139/17 | കൈരളി റോഡ് മെറ്റലിംഹ്,ടാറിംങ് | 500000 | 1000 | 50 | 2 | 2100 |
| 50 | 132/17 | കീഴത്തൂർ, ചമ്പ്രകുളം കോളനി കുടിവെള്ള പദ്ധതികൾ | 500000 | 1000 | 50 | 2 | 2100 |
| 51 | 13/17 | ചെമ്മണാംപറമ്പ് കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 500000 | 1000 | 50 | 2 | 2100 |
| 52 | 100/17 | കുഴൽമന്ദം സി.എച്ച്.സിയിലെ കെട്ടിടം അറ്റകുറ്റപ്പണി | 670000 | 1340 | 70 | 2 | 2820 |
| 53 | 58/17 | പരുക്കംപള്ളം ,വേട്ടവൻപാറ,മടയൻപറമ്പ് കുടിവെള്ള പദ്ധതി | 500000 | 1000 | 50 | 2 | 2100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 54 | 131/17 | കണ്ണാടി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾ | 600000 | 1200 | 60 | 2 | 2520 |
| 55 | 102/17 | വയോജന പാർക്ക് നിർമ്മാണ പ്രവൃത്തികൾ | 1439750 | 2500 | 125 | 3 | 7875 |
| | | | | | | | ആകെ | 153252 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രവൃത്തികളുടെ കരാറുകാരിൽനിന്നും പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുമായി കരാറുകാരൻ ഒപ്പുവെച്ച എഗ്രിമെന്റിലെ വ്യവസ്ഥ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നാൽ കാലാവധിയുടെ അഞ്ചിലൊന്നു സമയം (20%) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ യുള്ള കാലയളവിന് കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ട് മാത്രമേ കാലാവധി നീട്ടി നൽകാവൂ. താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ കരാർ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | എഗ്രിമെന്റ് നമ്പർ, തിയതി | പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്ട്.നം 15/17- മുഞ്ഞക്കോട് റോഡ് ടാറിംങ്,കോൺക്രീറ്റിംങ്<br>അടങ്കൽ തുക -500000<br>PAC 499467<br>കരാറുകാരൻ- ശ്രീ.പി.കെ.ശിവദാസ്<br>എഗ്രിമെന്റ് നം. | 52/4-3-16 | 31-3-2016 | 19-5-2016 | ഗ്രേസ് പിരീഡ്- 6 ദിവസം<br>7-4-2016 മുതൽ 18-5-2016 വരെ1% = 499467x(42/90)x 1/100<br>ആകെ= *2331* |

| | | | | | |
|---|---|---|---|---|---|
| | 52/4-3-16<br>അളവുപുസ്തകം-10/14<br>ബിൽ നം.01/29-8-16 ചെലവ് - 414500 രൂപ. | | | | |
| 2 | 19/17-വിവിധ അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ<br>അടങ്കൽ തുക-10,00000 PAC-991278<br>കരാറുകാരൻ- ശ്രീ.വി.പ്രകാശൻ<br>എഗ്രിമെന്റ് നം.<br>50/24-2-16<br>അളവുപുസ്തകം-25/15-16<br>ബിൽ നം.3/2016-17തിയതി 8-09-16 ചെലവ് - 998500രൂപ. | 50/<br>24-2-16 | 31-3-2016 | 18-05-16 | ഗ്രേസ് പിരീഡ്-7 ദിവസം<br>8-4-2016 മുതൽ 17-5-2016 വരെ 1% = 991278x (40/90)x1/100 ആകെ= *4406* |
| 3 | 27/17- വെണ്ണക്കോട് അംഗൻവാടി കെട്ടിടം നിർമ്മാണം (കുത്തനൂർ ഗ്രാമ പഞ്ചായത്ത്)<br>അടങ്കൽ തുക-600000 PAC-571448<br>ശ്രീ.മണിദാസ്.വി<br>എഗ്രിമെന്റ് നം.<br>46/15-02-2016<br>അളവുപുസ്തകം-1/15-16<br>ബിൽ നം.6/26-9-16 ചെലവ് - 574200 രൂപ | 46/<br>15-02-2016 | 31-3-2016 | 26-08-16 | ഗ്രേസ് പിരീഡ്- 9 ദിവസം<br>10-4-2016 മുതൽ 8-07-2016 വരെ 1% = 571448x x1/100 = 5714+<br>9-7-2016 മുതൽ 25-08-2016 വരെ 2% = 571448x (48/90) x2/100 = 6095<br>ആകെ *=11809* |
| 4 | 13/2017ചെമ്മണാംപതി കുടിവെള്ള പദ്ധതി പുനരുദ്ധാരണം(കുഴൽമന്ദം ഗ്രാമ പഞ്ചായത്ത്) അടങ്കൽ തുക-250000 PAC 247897<br>ശ്രീ.കെ.കൃഷ്ണദാസ്<br>എഗ്രിമെന്റ് നം.<br>06/15-16തി-24-07-2015 | 06/15-16<br>തി-<br>24-07-2015 | 31-3-2016 | 11-01-2017 | ഗ്രേസ് പിരീഡ്- 50 ദിവസം<br>21-5-2016 മുതൽ 18-08-2016 വരെ 1% = 247897x x1/100 = 2479+<br>19-8-2016 മുതൽ 16-11-2016 വരെ 2% = 247897x 2/100 = 4958 |

| | | | | | |
|---|---|---|---|---|---|
| | അളവുപുസ്തകം-809/15<br>ബിൽ നം.31/2016-17 തിയതി.31-03-2017ചെലവ് - 175630രൂപ | | | | 17-11-2016 മുതൽ 10-01-2017 വരെ 2% = 247897x55/90 2/100 = 3030<br>ആകെ =*10467* |
| 5 | 12/17ഓണക്കോട് കുടിവെള്ള പദ്ധതി (കുത്തനൂർ ഗ്രാമ പഞ്ചായത്ത്)<br>അടങ്കൽ തുക-500000 PAC-477709<br>ശ്രീ.ആർ.ഗംഗാധരൻ<br>എഗ്രിമെന്റ് നം.<br>51/15-16തി-29-02-2016<br>അളവുപുസ്തകം-811/15<br>ബിൽ നം.32/2016-17 തിയതി.31-03-2017ചെലവ് - 440000രൂപ | 51/15-16,തി-29-02-2016 | 31-3-2016 | 29-03-2017 | ഗ്രേസ് പിരീഡ്- 6 ദിവസം<br>7-4-2016 മുതൽ 5-07-2016 വരെ 1% = 477709x x1/100 = 4777+<br>6-7-2016 മുതൽ 03-10-2016 വരെ 2% = 477709x 2/100 = 9554<br>4-10-2016 മുതൽ 01-01-2017 വരെ 2% = 477709x 2/100 = 9554<br>2-1-2017 മുതൽ 28-03-2017 വരെ 2% = 477709x86/90 2/100 = 9130<br>ആകെ=*33015* |
| 6 | 29/17 ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസിന് കുടിവെള്ള സൌകര്യം<br>ഒരുക്കൽ അടങ്കൽ തുക-100000 PAC-78053<br>ശ്രീ.കെ.കൃഷ്ണദാസ്<br>എഗ്രിമെന്റ് നം.<br>55/15-16തി-04-03-2016<br>അളവുപുസ്തകം-810/15<br>ബിൽ നം.30/2016-17 തിയതി.31-03-17 ചെലവ്:77780 | 55/15-16 തി-04-03-2016 | 31-3-2016 | 16-03-2017 | ഗ്രേസ് പിരീഡ്- 6 ദിവസം<br>7-4-2016 മുതൽ 5-07-2016 വരെ 1% = 78053x x1/100 = 781+<br>6-7-2016 മുതൽ 03-10-2016 വരെ 2% = 78053x 2/100 = 1561<br>4-10-2016 മുതൽ 01-01-2017 വരെ 2% = 78053x 2/100 = 1561<br>2-1-2017 മുതൽ 15-03-2017 വരെ 2% = 78053x73/90 |

| | | | | | |
|---|---|---|---|---|---|
| | | | | | 2/100x(77/90) = 1266<br>ആകെ=*5169* |
| | | | | ആകെ | 67197 |

നിയമാനസൃത പിഴ ഈടാക്കി മാത്രം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 ഉൽപ്പാദനോപാധികളും ഉൽപ്പാദനവും സംഭരണവും വിപണനവും-പദ്ധതി നാളിതുവരെയും ഉപയോഗയോഗ്യമാക്കിയില്ല

പ്രോജക്റ്റ് നം.106/17

പ്രോജക്റ്റിന്റെ പേര്- ഉൽപ്പാദനോപാധികളും ഉൽപ്പാദനവും സംഭരണവും വിപണനവും

2016-17 (വനിത)
അടങ്കൽ-5,00,000.00 (ജനറൽ)

ചെലവ് -₹50000/- (Bill No.3/21-03-2017)

നിർവ്വഹണോദ്യോഗസ്ഥൻ- കൃഷി അസിസ്റ്റന്റ് ഡയറക്ടർ

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന വിവിധ പഞ്ചായത്തുകളിലെ കുടുംബശ്രീ ഗ്രൂപ്പുകളിൽ നിന്നും താല്പര്യമുള്ളവരെ തെരഞ്ഞെടുത്ത് ബ്ലോക്ക് തലത്തിൽ ഒരു സംഘം രൂപീകരിച്ച് രജിസ്റ്റർ ചെയ്ത്, ഈ സംഘത്തിന്റെ നേതൃത്വത്തിൽ വിവിധ കുടുംബശ്രീ ഗ്രൂപ്പുകൾ ഉല്പാദിപ്പിക്കുന്ന ജൈവവളം, വളക്കൂട്ടുകൾ, ജൈവകീടരോഗ നിയന്ത്രണോപാധികൾ എന്നിവ സംഭരിക്കുകയും സംഭരണ വിപണന കേന്ദ്രത്തിൽ എത്തിച്ച് വില്പന നടത്തുകയും, ജൈവവളങ്ങളും, വളക്കൂട്ടുകളും, ജൈവകീടരോഗ നിയന്ത്രണോപാധികളും മണ്ണിര കമ്പോസറ്റും, ടാങ്കുകളും നൽകുകയും, ചെയ്യുകയാണ് ലക്ഷ്യം. കൂടാതെ സംഭരണ വിപണന കേന്ദ്രത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയും, ഉൽപദനോപാധികൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യാൻ ഈ പ്രോജക്റ്റ് പ്രകാരം ഉദ്ദേശിച്ചിരുന്നു.

എന്നാൽ പരിശീലന പരിപാടികൾക്ക് ₹50,000/- കേരള യൂണിവേഴ്സിറ്റി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രൊഫസർ & ഹെഡ് ന് നൽകിയതല്ലാതെ പരിശീലനം നടത്തിയതിന്റെ വിവരങ്ങൾ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ കാണുന്നില്ല. പരിശീലനം നടത്തിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിലേക്കായി ചെലവ് തുക (₹50,000/-) തടസത്തിൽ വെയ്ക്കുന്നു. {ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.06/07-11-2017) മറുപടി ലഭ്യമാക്കിയില്ല}

# 3-3 കുടുംബശ്രീ യൂണിറ്റുകൾക്ക് സബ്സിഡി- മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്

പ്രോജക്റ്റ് നം.145/17

പ്രോജക്റ്റിന്റെ പേര്- ആട്/കറവ്വ മൃഗം വളർത്തലിന് സ്വയം സഹായസംഘം/കുടുംബശ്രീ യൂണിറ്റുകൾക്ക് സബ്സിഡി (എസ്.സി.പി)
അടങ്കൽ-55,00,000.00

ചെലവ് -₹10,00,000/- (Bill No.23/27-03-2017-₹800000, Bill No.24/28-03-2017-₹200000 ) -SCP
നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ഗ്രാമ പഞ്ചായത്ത് മുഖേന തെരെഞ്ഞെടുക്കപ്പെടുന്ന സ്വയംസഹായ സംഘം/കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് സബ്സിഡിയും ബാങ്ക് വായ്പയും ലഭ്യമാക്കി കുടുംബ വരുമാനം വർദ്ധിപ്പിക്കുവാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമ പഞ്ചാത്തുകളിൽ നിന്ന് തെരെഞ്ഞെടുത്ത 5 കുടുംബശ്രീ യൂണിറ്റുകൾക്ക് ₹200000/- വീതം ആകെ ₹1000000/- അനുവദിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുടുംബശ്രീ യൂണിറ്റിന്റെ പേര് | ഗ്രാമ പഞ്ചായത്ത് |
|---|---|---|
| 1 | അമൃത കുടുംബശ്രീ, ചേറുംകോട് | കോട്ടായി |
| 2 | ദീപശ്രീ കുടുംബശ്രീ, കോഴിക്കാട്ടുപറമ്പ് | മാത്തൂർ |
| 3 | കാർത്തിക കുടുംബശ്രീ, മൂലോട് | മാത്തൂർ |
| 4 | കീർത്തി കുടുംബശ്രീ, കളപ്പെട്ടി | കുഴൽമന്ദം |
| 5 | സ്ത്രീശക്തി കുടുംബശ്രീ, അരുവമൂല, നടുവത്തുപാറ | പെരിങ്ങോട്ടുകുറുശ്ശി |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള മോണിറ്ററിംഗിന്റെ കാര്യക്ഷമത പരിശോധിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകളുടെ ബാങ്ക് പാസ് ബുക്ക് പരിശോധനയ്ക്ക് ആവശ്യപ്പെട്ടുവെങ്കിലും ഒരു കുടുംബശ്രീ യൂണിറ്റ് (സ്ത്രീശക്തി കുടുംബശ്രീ) മാത്രമാണ് പാസ്ബുക്ക് ഹാജരാക്കിയത്. കൂടാതെ കോട്ടായി ഗ്രാമ പഞ്ചായത്ത് ശുപാർശ ചെയ്ത 3 കുടുംബശ്രീ യൂണിറ്റുകളും (പൗർണ്ണമി കുടുംബശ്രീ , നീലിമ കുടുംബശ്രീ, അക്ഷയ കുടുംബശ്രീ) ഒഴിവാക്കി അമൃത കുടുംബശ്രീയെ ബ്ലോക്ക് പഞ്ചായത്ത് നേരിട്ടാണ് തെരെഞ്ഞെടുത്തിരിക്കുന്നത്. ഇത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് (സർക്കാർ ഉത്തരവ് (എം.എസ്)നം.4/2016/തസ്വഭവ, തീയതി.11-01-2016 )വിരുദ്ധമാണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഖണ്ഡിക 11.4 പ്രകാരം അയൽ സഭയുടെ ശുപാർശയോടെയും ഗ്രാമസഭയുടെ അംഗീകാരത്തോടെയും മാത്രമെ അർഹമായ സബ്സിഡി തുക ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് മാറ്റാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

ആകയാൽ ഗ്രൂപ്പ് ലാഭകരമായി നടക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് മോണിറ്ററിംഗ് സമിതിയുടെ നിരന്തര ഇടപെടലുകൾ ആവശ്യമാണ്. ആയതിലേക്കായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/6.11.2017) മറുപടി ലഭ്യമാക്കിയില്ല.

## **3-4** അനുപൂരക പോഷകാഹാര പദ്ധതിക്ക് **50%** കേന്ദ്ര വിഹിതം റീയിംബേർസ്മെന്റായി ലഭിച്ച തുക നിഷ്ക്രിയമായി അവശേഷിക്കുന്നു

കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന് 2007-08 മുതൽ നടപ്പു സാമ്പത്തിക വർഷം വരെ അനുപൂരക പോഷകാഹാര പദ്ധതിക്ക് 50% കേന്ദ്ര വിഹിതം റീയിംബേർസ്മെന്റ് ഇനത്തിലായി ലഭിച്ച തുക ₹30,20,055 നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. മേൽ പ്രസ്താവിച്ച തുക കുഴൽമന്ദം എസ്.ബി.ടി. യിലെ അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത് (അക്കൗണ്ട് നമ്പർ.57045401544(9090)). പ്രസ്തുത അക്കൗണ്ടും അനുബന്ധ രേഖകളുടെയും പരിശോധനയിൽ ഭീമമായ തുക നിഷ്ക്രിയമായി അവശേഷിക്കുന്നതായി കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് / ഡി.ഡി നം തിയ്യതി. | തുക (₹) | നിക്ഷേപം സ്വീകരിച്ച സ്ഥാപനം/തിയ്യതി | നൽകിയ തുക/ ഡി.ഡിനം. തിയ്യതി. |
|---|---|---|---|---|
| 1 | 028373/4.4.07 | 1,33,317 | എസ്.ബി.ടി കുഴൽമന്ദം, അക്കൗണ്ട് നം.9090 | - |
| 2 | 36185/2.4.08 | 5,44,020 | | |
| 3 | 12.2.08 | 1,78,364 | | |
| 4 | 107425/6.4.09 | 4,03,866 | എസ്.ബി.ടി കുഴൽമന്ദം, അക്കൗണ്ട് നം.1544, 15.5.09 | |
| 5 | 109310/30.11.09 | 3,73,410 | 3.12.09 | |
| 6 | 110980/16.03.10 | 2,25,234 | 25.8.10 | ₹1116990 792344/ 27.3.10 |
| 7 | 111807/30.3.10 | 6,58,854 | 12.5.10 | - |
| 8 | 649199/25.4.11 | 3,47,012 | 4.5.11 | |

| | | | | |
|---|---|---|---|---|
| 9 | 649983/6.4.11 | 2,70,163 | 12.5.11 | |
| 10 | 472939/11.7.11 | 5,54,720 | 11.7.11 | ₹884088 792348/ 15.7.11 |
| 11 | 000789/27.3.12 | 5,99,156 | 2.4.12 | - |
| 12 | 002355/18.5.12 | 3,70,869 | 19.5.12 | |
| 13 | 826277/2.11.12 | 3,62,148 | 2.11.12 | |
| | ആകെ | 50,21,133 | | 20,01,078 |

1.4.07 മുതൽ 31.3.17വരെ അനുപൂരക പോഷകാഹാര പദ്ധതിക്ക് കേന്ദ്ര വിഹിതം റീയിൻബേർസ്മെന്റായി ലഭിച്ച ആകെ തുക = 50,21,133

നാളിതുവരെ സി.ഡി.പി.ഓയ്ക്ക് കൈമാറിയ തുക = 20,01,078

പ്രസ്തുത അക്കൗണ്ടിൽ നിഷ്ക്രിയമായി അവശേഷിക്കുന്ന തുക = 30,20,055

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി (എസ്.എൻ.പി) ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുഴൽമന്ദം ബ്ലോക്ക് നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ലഭ്യമാകുന്ന കേന്ദ്ര ഫണ്ട് സമയപരിധിക്കകം തന്നെ പദ്ധതികൾ നടപ്പാക്കുന്നതിന് പൂർണ്ണമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത അക്കൗണ്ടിൽ ഭീമമായ തുക ചെലവഴിക്കാതെ അവശെഷിക്കുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/8.11.17) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-5 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് പദ്ധതി- ബ്ലോക്ക് വിഹിതമായി കൈമാറിയ മുഴുവൻ തുകയ്ക്കും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം : 44/ 17

പ്രോജക്ടിന്റെ പേര് : ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് നൽകൽ

അടങ്കൽ : ₹600000-പദ്ധതി വിഹിതം (ജനറൽ)

ചെലവ് : ₹600000

2016-17 സാമ്പത്തിക വർഷത്തിൽ സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിക്കായി കുഴൽമന്ദം ബ്ലോക്ക് പരിധിയിലെ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നല്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
സംയുക്ത പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ GO(ms)362/2013/LSGD/ Dt.16.11.2013 പ്രകാരമുള്ള 12-ം പദ്ധതി മാർഗ്ഗരേഖയുടെ ഭാഗമായി പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.സംയുക്ത പദ്ധതി ആവിഷ്കരിക്കുന്നതിന് മുന്നോടിയായി അതാത് ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തുമായി കൂടിയാലോചിച്ച് ഗുണഭോക്താക്കളുടെ എണ്ണം, വകയിരുത്തേണ്ട തുക എന്നീ കാര്യങ്ങൾ തീരുമാനിച്ചതായി കാണുന്നില്ല. ഏതെല്ലാം ഗ്രാമ പഞ്ചായത്തുകൾക്ക് എത്ര വീതം തുക എന്നും എത്ര ഗുണ ഭോക്താക്കൾക്ക് വേണ്ടിയാണ് എന്നും ഉള്ള അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്താതെയാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതിക്ക് 600000 രൂപ വകയിരുത്തിയത്.

ഈ തുക 7ഗ്രാമ പഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്:

| ക്രമ നം | ഗ്രാമ പഞ്ചായത്ത് | വിതരണം ചെയ്ത തുക (₹) | DD നം/തിയ്യതി |
|---|---|---|---|
| 1 | കുഴൽമന്ദം | 100000 | 65622/ 24.1.17 |
| 2 | മാത്തൂർ | 100000 | 65623/ 24.1.17 |
| 3 | കോട്ടായി | 50000 | 65624/ 24.1.17 |
| 4 | പെരുങ്ങോട്ടുകുറുശ്ശി | 50000 | 65625/ 24.1.17 |
| 5 | കുത്തന്നൂർ | 100000 | 65626/ 24.1.17 |
| 6 | തേങ്കുറുശ്ശി | 100000 | 65627/ 24.1.17 |
| 7 | കണ്ണാടി | 100000 | ട്രാൻസ്ഫർ ക്രെഡിറ്റ് |
| | ആകെ | 600000 | |

2. ഗ്രാമ പഞ്ചായത്തുകൾ അവർ തയ്യാറാക്കി അംഗീകാരം ലഭിച്ച പദ്ധതിയുടെ വിവരങ്ങൾ സഹിതം തുക ലഭ്യമാക്കുന്നതിന് രേഖാമൂലം ആവശ്യപ്പെട്ടിരുന്നില്ല. അതുകൊണ്ട് വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നല്കിയ തുക തീരുമാനിച്ചതിന്റെ മാനദണ്ഡം എന്തായിരുന്നു എന്ന് വ്യക്തമല്ല.

3. കണ്ണാടി ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് വിഹിതം കൈപ്പറ്റിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കണ്ണാടി ഗ്രാമപഞ്ചായത്ത് 98400 രൂപയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബ്ലോക്ക് വിഹിതമായ ₹100000 കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് (നം. 799011400001316) 14-3-17 ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതാണ്. ബ്ലോക്ക് വിഹിതമായി കൈമാറിയ മുഴുവൻ തുകയ്ക്കും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവഴിക്കാത്ത ബാക്കി തുക തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 4/7.11.2017)

## 3-6 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കൽ - പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചില്ല

പ്രോജക്റ്റ് നം.112/17

പ്രോജക്റ്റിന്റെ പേര്- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കൽ (SCP)
അടങ്കൽ-12,32,356.00

ചെലവ് -₹700000/- SCP (Bill No.2/29-03-2017-₹650000, Bill No.2/29-03-2017-₹50000)

നിർവ്വഹണോദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം 14 വിദ്യാർത്ഥികൾക്ക് മുൻകൂറായി 50000 രൂപ വീതം 700000 രൂപ നൽകിയതിൽ നാളിതുവരെ 12 വിദ്യാർത്ഥികളാണ് പഠനമുറി പൂർത്തീകരിച്ചത്. ബാക്കിയുള്ള 2 പേർ പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | കൈപ്പറ്റാൻ ബാക്കിയുള്ള തുക |
|---|---|---|
| ശ്രുതി ശോഭന, കണ്ണിയംകോട് വീട്, തച്ചങ്കാട്, മാത്തൂർ | 50000 | 50000 |
| സജിഷ സുന്ദരൻ, പാറയ്ക്കൽ, പൊടിക്കുളങ്ങര, മാത്തൂർ | 50000 | 50000 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ പഠന മുറി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച് ആയത് പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ഡെപ്പോസിറ്റ് വർക്കിന് മുൻകൂർ നൽകുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാർ ചമച്ചില്ല

സർക്കാർ ഉത്തരവ് (എം.എസ്)നം.4/2016/തസ്വഭവ, തീയതി.11-01-2016 പ്രകാരം കേരള വാട്ടർ അതോറിറ്റി/കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകുന്നതിനുള്ള പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭിച്ച കഴിഞ്ഞാൽ തദ്ദേശസ്വയംഭരണ സ്ഥാപനം ആ സ്ഥാപനവുമായി കരാറിലേർപ്പെട്ട ശേഷം മാത്രമെ മുൻകൂർ തുക നൽകാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ സ്ഥാപനവുമായി കരാർ ചമയ്ക്കാതെയാണ് തുക കൈമാറിയത്. കരാർ വെയ്ക്കാത്തതിനാൽ പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി നടപ്പിലാക്കാതെ വരുകയോ ചെയ്താൽ തുടർ നടപടികൾ സ്വീകരക്കണമെങ്കിൽ കരാർ അത്യാവശ്യമാണ്.

| ക്രമ | പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ | ചെലവ് | തുക കൈപ്പറ്റിയ |
|---|---|---|---|---|

| നം. | | (₹) | തുക(₹) | ബിൽ നം./ ചെക്ക് നം. | ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 10/17, കനാൽ കട്ട് കവർ ചെയ്ത് വയോജനങ്ങൾക്ക് വിശ്രമിക്കുന്നതിനുവേണ്ടി ഒരു പാർക്ക് നിർമ്മിക്കുന്ന പ്രവർത്തി തുടങ്ങുന്നതിന് തടസ്സമായി നിൽക്കുന്നതിന് ട്രാൻസ്ഫോമറും ഇലക്ട്രിക് പോസ്റ്റും മാറ്റി സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി ക്ക് ആവശ്യമായ തുക നൽകൽ | 142000 (തനത് ഫണ്ട്) | 142000 | ചെക്ക് നം.1738185/ 17-01-2017 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കുഴൽമന്ദം |
| 2 | 143/17, കേരള വാട്ടർ അതോറിറ്റി- ഡെപ്പോസിറ്റ് വർക്ക്, തേങ്കുറുശ്ശി | 569697 (ജനറൽ) | 569697 | 16/ 28-02-2017 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, പാലക്കാട് |

കൂടാതെ മേൽ പറഞ്ഞ നിർവ്വഹണ ഏജൻസികൾ പണി പൂർത്തികരിച്ചതിന്റെ വിവരങ്ങളടങ്ങിയ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയും ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നം.41/17

പ്രോജക്റ്റിന്റെ പേര്- നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി
അടങ്കൽ-36,92,560.00 (ജനറൽ)

ചെലവ് -₹3692560/- (Bill No.1/22-02-2017-₹648156, Bill No.2/28-02-2017-₹30,44,404)

നിർവ്വഹണോദ്യോഗസ്ഥൻ- കൃഷി അസിസ്റ്റന്റ് ഡയറക്ടർ

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന വിവിധ പഞ്ചായത്തുകളിലേക്ക് നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകിയതിൽ കണ്ണാടി ഗ്രാമ പഞ്ചായത്തിന് നൽകിയ സബ്സിഡിക്ക് (₹509443/-) നാളിതുവരെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. കണ്ണാടി ഗ്രാമ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 ഐ.എ.വൈ ഭവന പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചില്ല

ഐ.എ.വൈ ഭവന പദ്ധതി പ്രകാരം 2010-11 മുതൽ 2015-16 വരെയുള്ള ഭവന നിർമ്മാണം സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കരാർ ചമച്ച് ഗുണഭോക്താക്കൾ | ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾ | പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കൾ |
|---|---|---|---|
| 2010-11 | 274 | 249 | 25 |
| 2011-12 | 317 | 307 | 10 |
| 2012-13 | 385 | 368 | 17 |
| 2013-14 | 286 | 267 | 19 |
| 2014-15 | 427 | 392 | 35 |
| 2015-16 | 427 | 382 | 45 |
| ആകെ | 2116 | 1965 | 151 |

ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.01/06-11-2017) പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ യോഗങ്ങൾ എല്ലാ ഗ്രാമ പഞ്ചായത്തിലും, ബ്ലോക്ക പഞ്ചായത്ത് തലത്തിലും നടത്തി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 31-03-2018 നകം എല്ലാ വീടുകളുടെയും പണി തീർക്കുന്നതിനുള്ള കർമ്മ പരിപാടി തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

## 3-10 പി.എം.എ.വൈ പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്

പി.എം.എ.വൈ ഭവന പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കരാർ ചമച്ച് ഗുണഭോക്താക്കൾ | ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾ | പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കൾ |
|---|---|---|---|
| 2016-17 | 145 | 20 | 125 |

ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.01/06-11-2017) പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം 31-03-2018 ന മുമ്പായി പൂർത്തീകരിക്കുന്നതിലേക്കായി ഗുണഭോക്താക്കളുടെ

യോഗങ്ങൾ അടിയന്തിരമായി നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

## 3-11 പാലിയേറ്റിവ് കെയർ സെക്കന്ററി യൂണിറ്റ്- പദ്ധതി നടത്തിപ്പിലെ അപാതകൾ

പ്രോജക്ട് നം : 37/17

പ്രോജക്ടിന്റെ പേര് : പാലിയേറ്റിവ് കെയർ സെക്കന്ററി യൂണിറ്റ്

അടങ്കൽ : 864378രൂപ

ചെലവ് : 813577രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- സൂപ്രണ്ട്, സി.എച്ച്.സി

പാലിയേറ്റിവ് കെയർ സെക്കന്ററി യൂണിറ്റ് എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം ചെലവ് ഉണ്ടായിട്ടുണ്ട്.

| ക്രമ നം. | ബിൽനം /തിയ്യതി | തുക (₹) |
|---|---|---|
| 1 | 1/16-17/23.11.16 | 1,48,782 |
| 2 | 2/16-17/9.1.17 | 1,42,385 |
| 3 | 3/16-17/23.3.17 | 81,019 |
| 4 | 4/16-17/27.3.17 | 3,68,853 |
| 5 | 7/16-17/30.3.17 | 52,438 |
| 6 | 8/16-17/30.3.17 | 20,100 |
| ആകെ | | 8,13,577 |

സാന്ത്വന പരിചരണത്തിന്റെ ഭാഗമായി ജനാർദ്ദനൻ, (ചേലക്കാട്, കളപ്പെട്ടി, കുഴൽമന്ദം) എന്ന ക്യാൻസർ രോഗിയെ 8.3.17 ന് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോയ ടാക്സി വാടകയിനത്തിൽ നോൺ ട്രാൻസ്പോർട്ട് വാഹനത്തിന് ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ബിൽ പ്രകാരമുള്ള തുക. ₹20100

ബിൽ നം. 8/16-17, തിയ്യതി. 30.3.17

| വാഹന രജിസ്ട്രേഷൻ നം | ഡ്രൈവറുടെ പേര് | അനുവദിച്ച തുക. |
|---|---|---|
| കെ.എൽ 09 എം 4026 | കെ കൃഷ്ണദാസ് | 1500 |

മോട്ടർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ രേഖകൾ പ്രകാരം മേൽപ്പറഞ്ഞ വാഹനം നോൺ ട്രാൻസ്പോർട്ട് വെഹിക്കിൾ ആണ്. പാലിയേറ്റിവ് കെയറിന്റെ ഭാഗമായി രോഗിയെ ആശുപത്രിയിലേക്ക് ട്രാൻസ്പോർട്ട് ചെയ്യുമ്പോൾ സ്വകാര്യ വാഹനം ഉപയോഗിക്കാൻ പാടുള്ളതല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.5 തിയതി.7.11.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-12 ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം : 38/16-17 (വികസന ഫണ്ട്- ജനറൽ)

പ്രോജക്ടിന്റെ പേര് : ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി.

അടങ്കൽ : ₹10,00,000

ചെലവ് : ₹9,00,000

ബിൽ നം : 1/2016-17, തിയതി 22-03-2017

2016-17 സാമ്പത്തിക വർഷത്തിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതിക്കായി കുഴൽമന്ദം ബ്ലോക്ക് പരിധിയിലെ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നല്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ബ്ലോക്കിനു കീഴിലെ ക്ഷീരസംഘങ്ങളിൽ സെപ്തംബർ മുതൽ ഫെബ്രുവരി വരെ പാൽ അളക്കുന്ന 2200 ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് രണ്ടു രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തത്. ഈ പദ്ധതിക്കായി ₹ 9,00,000 ചെലവഴിച്ചുവെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയുണ്ടായില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് വിഹിതം വകയിരുത്തിയത് (₹) | വിതരണം ചെയ്ത തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 1 | പെരുങ്ങോട്ടുകുറുശ്ശി | 3,00,000 | 3,00,000 | ഗ്രാമ പഞ്ചായത്തുകളുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ്, തിയ്യതി 22.3.17 |
| 2 | കുത്തനൂർ | 1,00,000 | 1,00,000 | |
| 3 | മാത്തൂർ | 2,00,000 | 2,00,000 | |
| 4 | കോട്ടായി | 2,00,000 | 2,00,000 | |
| 5 | തേങ്കുറുശ്ശി | 1,00,000 | 1,00,000 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/8.11.2017) മറുപടി ലഭ്യമാക്കിയില്ല.

# 3-13 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

താഴെ പറയുന്ന സംയുക്ത പദ്ധതികൾക്കായി ജില്ലാപഞ്ചായത്ത്, കുഴൽമന്ദം ഗ്രാമ പഞ്ചായത്ത് എന്നിവയുക്ക് തുക കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയും ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ (₹) | ചെലവ് | | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| | | | തുക(₹) | ബിൽ നം./ചെക്ക് നം. | |
| 1 | 65/17, ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ വാങ്ങലിന് | 140000 (ജനറൽ) | 140000 | 07/ 17-11-2016 | സെക്രട്ടറി, ജില്ലാപഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| | ജില്ലാപഞ്ചായത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | | | | |
| 2 | 116/17, പൊതുശ്മശാനം പ്ലാന്റ് സ്ഥാപിക്കൽ (കുഴൽമന്ദം ഗ്രാമ പഞ്ചായത്ത് ) | 4671280 (ജനറൽ) | 4671280 | 18/ 28-02-2017 | സെക്രട്ടറി, കുഴൽമന്ദം ഗ്രാമ പഞ്ചായത്ത് |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് (₹) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 6860000 | 122/17, 2015-16 ലെ പട്ടികജാതി ഗുണഭോക്താക്കൾക്ക് ഐ.എ.വൈ വിഹിതം നൽകൽ | 0 | 6860000 |
| ഗ്രാമ പഞ്ചായത്ത് (കോട്ടായി, കണ്ണാടി, കുഴൽമന്ദം, മാത്തൂർ ) | 2016-17 | 2737031 (1000000+ 618925+ 500000+ 618106) | 122/17, 2015-16 ലെ പട്ടികജാതി ഗുണഭോക്താക്കൾക്ക് ഐ.എ.വൈ വിഹിതം നൽകൽ | 0 | 2737031 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴി ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 10/17, കനാൽ കട്ട് കവർ ചെയ്ത് വയോജനങ്ങൾക്ക് വിശ്രമിക്കുന്നതിനുവേണ്ടി | 1738185/ 17-01-2017 | 142000 (തനത് ഫണ്ട്) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 142000 |

| | | | | | |
|---|---|---|---|---|---|
| | ഒരു പാർക്ക് നിർമ്മിക്കുന്ന പ്രവർത്തി തുടങ്ങുന്നതിന് തടസ്സമായി നിൽക്കുന്നതിന് ട്രാൻസ്ഫോമറും ഇലക്ട്രിക് പോസ്റ്റും മാറ്റി സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി ക്ക് ആവശ്യമായ തുക നൽകൽ | | | | |
| കേരള വാട്ടർ അതോറിറ്റി | 143/17, കേരള വാട്ടർ അതോറിറ്റി- ഡെപ്പോസിറ്റ് വർക്ക്, തേങ്കുറുശ്ശി | 16/ 28-02-2017 | 569697 വികസന ഫണ്ട് (ജനറൽ) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 569697 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡി | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | ക | | അവസ്ഥ |
|---|---|---|---|---|---|
| 2011-12 | വിഷയാധിഷ്ഠിത അവലോകനം- പ്രത്യേക ഖണ്ഡിക | 2014-15 | 4.1.5 | 11,62,916 രൂപയ്ക്ക് SGSY വിപണനകേന്ദ്രം നിർമ്മിച്ചെങ്കിലും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം നാളിതുവരെ പരിഗണിച്ചിട്ടില്ല |
| 2011-12 | വിഷയാധിഷ്ഠിത അവ ലോകനം- പ്രത്യേക ഖണ്ഡിക | 2014-15 | 4.1.13 | കോട്ടായി ഗ്രാമ പഞ്ചായത്തിന് 455970 രൂപയ്ക്ക് വാങ്ങി നൽകിയ ട്രാൻസ്പ്ലാന്റർ ഉപയോഗശൂന്യം | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹86416438 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹83935889 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹50000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 | | 67197 | ശ്രീ സുഭാഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 6737 |
| | | | ശ്രീ.സുബ്രമണ്യൻ കെ.സി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 60460 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | ₹50000 | ശ്രീമതി.എ.കെ.സരസ്വതി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.എ.കെ.സരസ്വതി, അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | കുഴൽമന്ദം കൃഷി അസിസ്റ്റന്റ് ഡയറക്ടർ, | ആലുക്കപറമ്പിൽ വീട്, അലിയൻസ് സ്ട്രീറ്റ്, മണ്ണുത്തി, തൃശ്ശൂർ-680 651. |
| ശ്രീ സുഭാഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | എൽ.എസ്.ജി.ഡി സബ്ഡിവിഷൻ, കുഴൽമന്ദം | മനിശ്ശേരി വീട്, കൊരട്ടി പി.ഓ, തൃശ്ശൂർ. |
| ശ്രീ.സുബ്രമണ്യൻ കെ.സി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | എൽ.എസ്.ജി.ഡി സബ്ഡിവിഷൻ, കുഴൽമന്ദം | ആഷാഡം ടി.സി.31/1683 മണ്ണമ്മൂല, പേരൂർക്കട പി.ഓ, തിരുവനന്തപുരം-695 005. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | LFP6/1234/15.1.09 | 7 |
| 2003-04 | LFP8/726/7.8.10 | 4 |
| 2004-05 | LFP8/1240/29.3.12 | 7 |
| 2005-06 | LFP8/1240/10.4.12 | 2 |
| 2006-07 | LFP8/1921/9.11.12 | 5 |
| 2007-08 | LFP8/1921/9.11.12 | 5 |
| 2008-09 | LFP8/513/27.3.13 | 7 |
| 2009-10 &2010-11 | LFP8/780/13.12.14 | 23 |
| 2011-12 | LFP8/780/13.12.14 | 16 |
| 2012-13, 2013-14 & 2014-15 | KSA-PKD 8/255/16/12-02-16 | 18 |
| 2015-16 | കെ.എസ്.എ-പി.കെ.ഡി.8/304/2017 02.05.2017 | 10 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ